# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 01 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

## പുതുവർഷത്തിൽ ശബരീശനെ വണങ്ങാൻ ഭക്തജന പ്രവാഹം

പുതുവർഷ പുലരിയിൽ ശബരിമലയിൽ തീർഥാടകരുടെ വൻതിരക്ക് .ശനിയാഴ്ച ഉച്ചയോടെ ആരംഭിച്ച തീർഥാടക പ്രവാഹം പത്ത് മണിക്കൂറോളം നീണ്ടു .പോയവർഷത്തെ അപേക്ഷിച്ചു കൂടുതൽ ഭക്തർ എത്തിയതോടെ  സന്നിധാനം ജനസാഗരമായി. രാവിലെ ആരംഭിച്ച നെയ്യഭിഷേകം ഉച്ചവരെ തുടർന്നു. നിർമ്മാല്യ ത്തിനായി നട തുറന്നപ്പോൾ ദർശനത്തിന് കാത്ത് നിന്നവരുടെ നിര ശരംകുത്തി വരെയാണ്  എത്തിയത്  . ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകരായിരുന്നു കൂടുതലും. ഒട്ടേറെ വിദേശ മലയാളികളും ആന്ധ്രയിൽ നിന്നും കാൽനടയായി എത്തിയ സംഘങ്ങളും പുതുവർഷപുലരിയിൽ മലചവിട്ടി .

ആയിരത്തോളം വരുന്ന പോലീസ് സേനയുടെ  കനത്ത കാവലും നിരീക്ഷണവുമാണ് പമ്പമുതൽ മരക്കൂട്ടംവരെ ഏർപ്പെടുത്തിയിട്ടുള്ളത് .വാദ്യഘോഷങ്ങളും ശരണംവിളികളും മധുരവിതരണവുമൊക്കെയായി എത്തുന്ന തീർഥാടകർക്ക് കുടിവെള്ളം,അന്നദാനം ,വിശ്രമം തുടങ്ങിയ  സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.കോള നിരോധനത്തെത്തുടർന്ന് സന്നിധാനത്ത് ബോട്ടിൽ ശീതള പാനീയങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തിയതോടെ പു തുവർഷപുലരി മുതൽ അധികൃതർ  കൂടുതൽ കുടിവെള്ള കേന്ദ്രങ്ങൾ  ആരംഭിച്ചിട്ടുണ്ട്.

കലിയുഗവരദനായ ശ്രീ ശബരീശനെ കാണാൻ ഇരുമുടിക്കെട്ടുമായി ഭക്തൻ മലകയറുന്ന ഏറ്റവും തിരക്കേറിയ പുണ്യകാലം കൂടിയാണ് മകരവിളക്ക് .അതുകൊണ്ടുതന്നെ ഭക്തിനിർഭരമായ  പുതുവർഷം കൂടി ലക്ഷ്യമിട്ടാണ് തീർഥാടകർ മലചവിട്ടുന്നത് .

# സ്നേഹകാറ്റായ് മുരുകേശൻ മയൂര വിശറി വീശുകയാണ്...

ശബരിമലയിൽ  മണിക്കൂറുകൾ ക്യൂ നിന്ന് ദർശനത്തിനെത്തുന്നവർക്ക് സ്നേഹത്തിന്റെയും സേവനസന്നദ്ധതയുടെയും  സാന്ത്വനമായ് ഒരു  മധുര സ്വദേശി.പേര്  മുരുകേശൻ.മയിൽപ്പീലികളാൽ അലംകൃതമായ  വിശറിയുമായാണ് ഇദ്ദേഹം  സന്നിധാനത്ത് തീർത്ഥാടകരെ കാത്ത് നിൽക്കുന്നത്.മാളികപ്പുറങ്ങൾക്കും സ്വാമിമാർക്കും പീലി വീശി ,തിളച്ചുമറിയുന്ന ചൂടിൽ മുരുകേശൻ സാന്ത്വനമാകും.ശരണമന്ത്രവുമായി ദർശനം കാക്കുമ്പോൾ ക്ഷണിക്കാതെ എത്തുന്ന ഈ പീലി വിശറിയുടെ തണുപ്പ് പലർക്കും കൗതുകമാണ്  .

തമിഴ്നാട്ടിലെ മധുര മീനാക്ഷി ക്ഷേത്രത്തിനു സമീപത്തുള്ള ലക്ഷ്മി പുരമാണ്  മുരുകേശന്റെ സ്വദേശം. ഇഷ്ട ആരാധനാ മൂർത്തിയെക്കുറിച്ചു ചോദിച്ചാൽ സന്നിധാനം നോക്കി  മുരുകേശൻ പറയും.''സ്വാമിയേ ശരണമയ്യപ്പാ ''. കഴിഞ്ഞ ഇരുപത്തിയൊന്ന് വർഷമായി മുടങ്ങാതെ മല ചവിട്ടുന്ന ഇദ്ദേഹം ഇതാദ്യമായാണ്  മയൂര വിശറിയുമായി മല  ചവിട്ടുന്നത്.

മധുര മീനാക്ഷി ക്ഷേത്ര പരിസരത്തെ  പതിവ് കാഴ്ചയാണ് വിശറിയേന്തിയ മുരുകേശൻ.ദൂരങ്ങൾ താണ്ടിയെത്തുന്ന തീർഥാടകർക്ക് വെഞ്ചാമരം പോലുള്ള വിശറിയാൽ കാറ്റ് വീശി മുരുകേശൻ ഭക്തിക്ക് സേവനംഎന്ന്  കൂടി വ്യാഖ്യാനമെഴുതുന്നു .ഇക്കാര്യത്തിൽ കുട്ടികൾക്കും വൃദ്ധർക്കുമാണ് മുരുകേശൻ പ്രത്യേക പരിഗണന നൽകുന്നത്.

തുടരും...


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 01 | 2017 |
|---|---|

## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

### സന്നിധാനത്ത് പുതുവർഷം ഭക്തി സാന്ദ്രം

ശബരിമല സന്നിധാനത്ത് ഭക്തിനിർഭരമായ പുതുവർഷാഘോഷം . ശരണം വിളിച്ചും ,കർപ്പൂര ദീപങ്ങൾ തെളിച്ചും, തീർത്ഥാടകർക്ക് മധുരം വിതരണം ചെയ്തുമായിരുന്നു സന്നിധാനത്തെ ആഘോഷം. ശരണ മന്ത്രങ്ങൾ മുഴങ്ങുന്ന തിരുമുറ്റത്ത് പതിനെട്ടാം പടി ചവിട്ടാൻ കാത്ത് നിന്ന തീർത്ഥാടകരെ സാക്ഷിയാക്കിയാണ് ഇക്കുറി മാധ്യമപ്രവർത്തകരും, കേന്ദ്ര സംസ്ഥാന പൊലീസ് സേനാംഗങ്ങളും, 2017 നെ വരവേറ്റത്.ആൽത്തറയുടെ സമീപം ലോകത്തിനു നവവത്സരാശംസകൾ നേർന്ന് അയ്യപ്പന്മാർ അടക്കമുള്ളവർ കർപ്പൂരദീപം തെളിച്ചു .നേരത്തെ ശബരിമല മേൽശാന്തി എല്ലാ അയ്യപ്പഭക്തന്മാർക്കും പുതുവത്സര ആശംസകൾ നേർന്നിരുന്നു .

സന്നിധാനത്ത് ഡ്യൂട്ടിക്ക് എത്തിയവരും പുതുവർഷപ്പിറവി ആഘോഷങ്ങളിൽ പങ്കാളികളായി. ഭജന പാടിയും ശരണം വിളിച്ചും സെൽഫിയെടുത്തും പുതുവത്സര ആശംസകൾ കൈമാറിയപ്പോൾ പുതുവർഷം പുലർന്ന നിമിഷം ആയിരങ്ങൾ പതിനെട്ടാം പടിചവിട്ടി . സുരക്ഷ ഉദ്യോഗസ്ഥരും ദേവസ്വംബോർഡ് ജീവനക്കാരും മാധ്യമ പ്രവർത്തകരും ചേർന്നാണ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചത്.

2016 നു വിടചൊല്ലി പുതുവർഷത്തെ വരവേൽക്കാനുള്ള ഒരുക്കങ്ങൾ നേരത്തെ സന്നിധാനത്ത് ആരംഭിച്ചിരുന്നു. ആർപ്പുവിളികളും ,ശരണം വിളികളും ,കൊട്ടും ,പാട്ടുമൊക്കെയായി മരക്കൂട്ടം വരെ ഭക്തർ പുതുവർഷരാവിനെ വരവേറ്റു .പോലീസിന്റെ ജാഗ്രതാ നിർദേശം പാലിച്ചും മണിക്കൂറുകൾ ക്യൂ നിന്നുമാണ് തീർഥാടകർ പുതുവർഷത്തെ ഭക്തിപൂർവം വരവേൽക്കാൻ എത്തിയത് .

തുടരും...

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 01 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

### തീർഥാടകർക്ക് പുതുവർഷ സമ്മാനമായി കേരളീയ സദ്യയും

കാതങ്ങൾ താണ്ടി പുതുവർഷത്തിൽ അയ്യനെ വണങ്ങാനെത്തിയ ഭക്തർക്ക് സന്നിധാനത്ത് പായസവും പപ്പടവും ഉൾപ്പടെ സമൃദ്ധമായ കേരളീയ സദ്യ. ദേവസ്വം അന്നദാന മണ്ഡപത്തിലാണ് തീർഥാടകർക്ക് നവ വത്സര സമ്മാനമായി കേരളീയ സദ്യ വിളമ്പിയത് . മേൽശാന്തി ടി.എം.ഉണ്ണികൃഷ്ണൻ നമ്പൂതിരി അയ്യപ്പന് സമർപ്പിച്ച് ആരംഭിച്ച സദ്യയിൽ ദേവസ്വം ബോർഡ് പ്രസിഡണ്ട് ,എക്സിക്യൂട്ടീവ് ഓഫിസർ തുടങ്ങിയവരും പങ്കെടുത്തു.ഇതര സംസ്ഥാനതീർഥാടകർ ഉൾപ്പടെ പതിനായിരങ്ങളാണ് പുതുവർഷ സദ്യയുണ്ടത്.

തുടരും...



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | |
|---|---|
| ജനുവരി 01 | 2017 |





## ശബരിമല പത്രക്കുറിപ്പ് 4



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


## വാഹനമോടിക്കുന്നത് വിശ്രമത്തിന് ശേഷം മതിയെന്ന് മോട്ടോർ വാഹന വകുപ്പ്

ശബരിമല ദർശനം കഴിഞ്ഞു മടങ്ങുന്ന ഡ്രൈവർമാർ മതിയായ വിശ്രമത്തിന് ശേഷം മാത്രം വാഹനം ഓടിക്കണമെന്ന് മോട്ടോർ വാഹനവകുപ്പിന്റെ ജാഗ്രതാ മുന്നറിയിപ്പ് .മകരവിളക്ക് കാലത്ത് നടന്ന 150 ഓളം റോഡപകടങ്ങളിൽ തൊണ്ണൂറു ശതമാനവും ഡ്രൈവർമാർ ഉറങ്ങിപ്പോയതുവഴി ഉണ്ടായതാണെന്നും മിക്ക അപകടങ്ങളും ശബരിമലയിൽ നിന്നുള്ള മടക്കയാത്രയിലാണ് സംഭവിക്കുന്നതെന്നും വകുപ്പ് സുരക്ഷാ വിഭാഗം അറിയിച്ചു .ആളപായമുണ്ടാക്കിയായ ആറ് അപകടങ്ങളിൽ ഏഴുപേരാണ് മരിച്ചത് .ഇതിൽ അഞ്ച് അപകടങ്ങളും ഡ്രൈവർമാർ ഉറങ്ങിപ്പോയത് വഴി ഉണ്ടായതാണ് .

വാഹനാപകടങ്ങളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഡ്രൈവർമാരുടെ വിശ്രമം ഒപ്പമുള്ള ഭക്തർ ഉറപ്പാക്കണമെന്നും മോട്ടോർ വാഹനവകുപ്പ് സുരക്ഷാ വിഭാഗം അഭ്യർഥിച്ചു . മുൻസീറ്റിൽ യാത്രചെയ്യുന്നവർ ഡ്രൈവർമാർ ഉറങ്ങാതിരിക്കാൻ ജാഗ്രത പാലിക്കണം .വാഹനം ഓടിക്കുന്നതിനിടയിൽ ഏതെങ്കിലും വിധത്തിൽ ക്ഷീണം അനുഭവപ്പെട്ടാൽ വാഹനം സുരക്ഷിതമായി പാർക്ക് ചെയ്ത് വിശ്രമിക്കണമെന്നും അധികൃതർ അഭ്യർഥിച്ചു.

അതിനിടെ ഞായറാഴ്ച രണ്ടു വ്യത്യസ്ത അപകടങ്ങളിൽ 18 പേർക്ക് പരുക്കേറ്റു .രാവിലെ ഇലവുങ്കലിൽ നിന്നും എരുമേലിക്ക് പോകുകയായിരുന്ന തീർഥാടകരുടെ വാഹനം മറിഞ്ഞുണ്ടായ അപകടത്തിൽ പതിനൊന്നു പേർക്കും ഒട്ടപ്ലാംതോടിന് സമീപം ഏഴു പേർക്കുമാണ് പരുക്കേറ്റത്.

`

`

തുടരും...

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.